# അക്കാദമിക് മാസ്റ്റർ പ്ലാൻ
# 2025–26



## എം.എൽ.പി സ്കൂൾ കുന്നത്ത് കര

# താളുകളിലൂടെ


| | |
|---|---|
| 1 | ആമുഖം |
| 2 | വിദ്യാലയ ചരിത്രം |
| 3 | അവസ്ഥാ പഠനം |
| 4 | കാഴ്ചപ്പാട് |
| 5 | ലക്ഷ്യങ്ങൾ |
| 6 | മധുരം മലയാളം |
| 7 | മഞ്ചാടി ചെപ്പ് |
| 8 | ഹരിതാമൃതം |
| 9 | ഈസി ഇംഗ്ലീഷ് |
| 10 | ജാസ്മിൻ |
| 11 | കളിക്കളം പര്യേതരം |
| 12 | തനത് പ്രവർത്തനങ്ങൾ |
| 13 | അക്കാദമികം |
| 14 | തേരോട്ടത്തിന്റെ അവസാന പാത |
| | |

# ആമുഖം

സാമ്പത്തികമായും സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിന്നിരുന്ന,പിന്നോക്ക സമുദായങ്ങൾ മാത്രം താമസിച്ചിരുന്ന കുന്നത്തുകര.കൂലിവേല ചെയ്തു അന്നത്തെ അഷ്ടിക്ക് വക കണ്ടിരുന്ന ഒരു വിഭാഗത്തിന് വിദ്യ എന്ന വെളിച്ചം നൽകി ഒരു വിളക്കുമാടമായി നിന്നിരുന്ന കുന്നത്തുകര എം.ൽ.പി സ്കൂൾ ഇന്ന് തല ഉയർത്തി നിൽക്കുകയാണ് .

1911 ൽ സ്വാതന്ത്ര്യ സമര സേനാനിയായിരുന്ന ശ്രീ.നൊച്ചിയിൽ നാരായണക്കുറുപ്പ് മാസ്റ്റർ കുന്നത്തുകരയിലെ ചൊക്ലിയത്ത് താഴെ എന്ന സ്ഥലത്ത് കുന്നത്തുകര എം.ൽ.പി.സ്കൂൾ സ്ഥാപിച്ചു.ജാതിമതഭേദമന്യേ എല്ലാവർക്കും വിദ്യയേകാൻ യാതൊരു പ്രതിഫലേച്ഛയുമില്ലാതെ ഉദാരമനസ്കതയാൽ മാത്രം സ്ഥാപിതമായിരുന്നതായിരുന്നു ഈ വിദ്യാലയം. ഇസ്ലാം മതപഠനം നടത്തുന്ന ഓത്തുപള്ളിയായും അക്കാലത്തു ഈ വിദ്യാലയം നിലകൊണ്ടു. പിന്നീട് വിദ്യാതൽപരനായിരുന്ന തോട്ടക്കാര നമ്പ്യാർ ഈ ദൗത്യം ഏറ്റെടുക്കുകയും വിദ്യാലയം ഇന്ന് സ്ഥിതി ചെയ്യുന്ന കുന്നത്തുകര പ്രദേശത്തെ കണ്ണോത്തുകണ്ടിയിലേക്കു മാറ്റി സ്ഥാപിക്കുകയും ചെയ്തു.നല്ല ബലമുള്ള ആർചോടുകൂടിയ ഈ വിദ്യാലയം വാസ്തുശിൽപ്പകലയിൽ മികവുറ്റതാണ്.ആദ്യകാലത്തു ഓലമേഞ്ഞിരുന്ന കെട്ടിടം പിന്നീട് ഓടുമേഞ്ഞ കെട്ടിടമാക്കി മാറ്റി.അയൽ പ്രദേശങ്ങളിൽ ആവശ്യത്തിന് വിദ്യാലയങ്ങൾ ഇല്ലായിരുന്ന ആ കാലത്തു മണിയൂർ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നുള്ളവർ വിദ്യ തേടി ഇവിടെ വന്നിരുന്നു. കുന്നത്തുകര പ്രദേശത്തെ ഏക പൊതു സ്ഥാപനമായി നിലകൊണ്ട ഈ സ്ഥാപനം ഈ ഗ്രാമത്തെ അക്ഷര വെളിച്ചമേകി ദീപ്തമാക്കുകയായിരുന്നു.കാലം ഏറെ കഴിഞ്ഞു.ഈ വിദ്യാലയത്തിൽ നിന്നും പഠിച്ചിറങ്ങി സർക്കാർ ജോലി കൈവശമാക്കിയവർ ഏറെ ആയിരുന്നു.അദ്ധ്യാപകർ,ഹെൽത്ത് ഇൻസ്പെക്ടർ,എഞ്ചിനീയർ,ഡോക്ടർ,അഡ്വക്കറ്റ് ........ എന്നിങ്ങനെ പോകുന്നു ആ നിര. വിദേശത്തു പോയി ജോലി ചെയ്തു സാമ്പത്തികമായി ഉന്നതിയിലെത്തിയ നിരവധി പേർ.അങ്ങിനെ ഒരു പ്രദേശത്തിന്റെ മുഖച്ഛായ തന്നെ മാറ്റി മറിക്കപ്പെട്ടു.ഇന്ന് ഈ പ്രദേശം സാമ്പത്തികമായും വിദ്യാഭ്യാസപരമായും മുന്നിട്ടു നിൽക്കുന്നു.

തോട്ടക്കര നമ്പ്യാരിൽ നിന്നും മാനേജർ പദവി അദ്ദേഹത്തിന്റെ ബന്ധുവായ കുഞ്ഞപ്പ നമ്പ്യാരിലേക്കു കൈമാറ്റം ചെയ്യപ്പെട്ടു.1970 കളിൽ ആ സ്ഥാനം കുന്നത്തുകര ഹിദായത്തുൽ അനാം സംഘം എന്ന മദ്രസ്സ കമ്മറ്റിയുടെ കൈകളിലെത്തി. അങ്ങിനെ പി കുഞ്ഞബ്ദുള്ളഹാജി മാനേജരായി. അതിനുശേഷം കാരാളത്ത് പോക്കർ ഹാജിയെ മാനേജരായി കമ്മറ്റി തെരെഞ്ഞെടുത്തു. 2025-26 അക്കാദമിക് വർഷം മുതൽ നാസർ കൈപ്പുറത്തിന്റെ നേതൃത്വത്തിൽ മാനേജ്മെന്റ് കമ്മിറ്റി നിലവിൽ വന്നു

ഈ വിദ്യാലയത്തിൽ മഹത്തായ സേവനം അനുഷ്ഠിച്ചു മണ്മറഞ്ഞു പോയ പുണ്യാത്മാക്കൾ .

നൊച്ചിയിൽ നാരായണ കുറുപ്പ് മാസ്റ്റർ

കയനോടി നാരായണൻ നമ്പ്യാർ മാസ്റ്റർ

ഗോപാലൻ നമ്പ്യാർ മാസ്റ്റർ

പുന്നോലി കണാരൻ വൈദ്യർ മാസ്റ്റർ

കേളുപ്പണിക്കർ മാസ്റ്റർ

കൃഷ്ണപ്പണിക്കർ മാസ്റ്റർ

എരണോത്തു മൊയ്ദീൻ മാസ്റ്റർ

കുഞ്ഞാപ്പ നമ്പ്യാർ മാസ്റ്റർ

അപ്പുണി നമ്പ്യാർ മാസ്റ്റർ

കുങ്കകുറുപ്പു മാസ്റ്റർ

എൻ. കെ മൊയ്ദീൻ മൗലവി

അബ്ദുല്ല മുസ്‌ലിയാർ

കൈപ്രം കുഞ്ഞയെത്തു മുസ്‌ലിയാർ

കറിക്കളങ്കണ്ടി അമ്മദ് മുസ്‌ലിയാർ

കൂമുള്ളം കണ്ടി ഖാദർ ഹാജി

ചൊക്ലിയത് അമ്മെദ് ഹാജി

പട്ടാമ്പി മുഹമ്മദ് മുസ്‌ലിയാർ

എൻ .കുഞ്ഞിക്കൃഷ്ണക്കുറുപ്പ് മാസ്റ്റർ

എടപ്പറമ്പിൽ അബ്ദുല്ല മാസ്റ്റർ

പറമ്പത്ത് ശാന്ത ടീച്ചർ

പാലോറ കമലാക്ഷി ടീച്ചർ

കെ. പി വേലായുധൻ മാസ്റ്റർ

പി .കൃഷ്ണൻ മാസ്റ്റർ

ഈ അധ്യാപകരുടെ ഒളിമങ്ങാത്ത ഓർമയ്ക്ക് മുന്നിൽ ഒരുപിടി അശ്രു പുഷ്പങ്ങളർപ്പിക്കുന്നു

**എയ്ഡഡ് അധ്യാപകരായി സേവനം ചെയ്തവർ**

ഇ. പി കണ്ണൻ മാസ്റ്റർ

ആർ .ഒ മൊയ്തീൻ മാസ്റ്റർ

**വിരമിച്ചു വിശ്രമജീവിതം നയിക്കുന്നവർ**

പി. കൃഷ്ണൻ മാസ്റ്റർ

എടക്കണ്ടി കുഞ്ഞിക്കണ്ണൻ മാസ്റ്റർ

ശാരദാമ്മ ടീച്ചർ

ജാനകിക്കുട്ടി ടീച്ചർ

പ്രേമകുമാരി ടീച്ചർ

ആർ .എം ബാലകൃഷ്ണൻ

എം, രാജൻ മാസ്റ്റർ

ഇ. കെ. സുബൈദ ടീച്ചർ

ഇങ്ങിനെ ഈ വിദ്യാലയത്തിൽ കീഴിൽ അക്ഷര മധുരം പകർന്നു നൽകിയവർ ഏറെ .

2025-26 നിലവിലെ അധ്യാപകർ

| | | |
|---|---|---|
| 1 | അഷ്റഫ്.ടി.കെ | ഹെഡ് മാസ്റ്റർ |
| 2 | നാദിയ.എ.കെ | അസിസ്റ്റന്റ് ടീച്ചർ |
| 3 | ശബ്ന.കെ | അസിസ്റ്റന്റ് ടീച്ചർ |
| 4 | അശ്വിൻ.എസ്.എൻ | അസിസ്റ്റന്റ് ടീച്ചർ |
| 5 | | അറബിക് ടീച്ചർ |
| 6 | സവിത | നഴ്സറി ടീച്ചർ |

# വിദ്യാലയ ചരിത്രം

പ്രകൃതി രമണീയമായ കുറ്റ്യാടിപ്പുഴയുടെ തീരപ്രദേശമായ കുന്നത്ത്കരയിലെ നാട്ടുകാർക്ക് പുരാതനകാലം മുതൽക്കേ അറിവിന്റെ വെള്ളിവെളിച്ചമായി മാറിയ കുന്നത്ത്കര എം.എൽ.പി സ്കൂൾ നൂറ്റാണ്ടുകൾക്കു മുൻപ് ഓത്തുപള്ളി ആയി(മദ്രസ്സ) സ്ഥാപിക്കപ്പെടുകയായിരുന്നു .

ക്രമേണ എഴുത്തു പള്ളിയായി ( വിദ്യാലയം) മാറുകയായിരുന്നു. ഏകദേശം 120 വർഷങ്ങൾക്കു മുൻപ് ചൊക്ളിയത് താഴെയായിരുന്നു ഈ എഴുത്തു പള്ളി (ഓത്തുപള്ളി) . കുന്നത്തുകര പ്രദേശത്തുകാർക്കു അറിവ് നേടാനുള്ള ഏക ആശ്രയമായ ഈ എഴുത്തുപള്ളികൂടം പിന്നീട് കുന്നത്തുകരയിലേക്കു മാറ്റപ്പെടുകയാണ് (ഓല ഷെഡിലേക്കു).ഇന്ന് സ്കൂൾ നിലനിൽക്കുന്ന സ്ഥലത്തേക്ക് കാലക്രമേണ ഓല ഷെഡ്ഡ് മാറി ഓട് മേഞ്ഞതായി .ചുമർകെട്ടിയ ഹാളുകൾ ആയി.ഇതോടെ സർക്കാർ അംഗീകാരവും സഹായവും ഈ സ്ഥാപനത്തിന് കിട്ടാൻ തുടങ്ങി .

ഈ കാലയളവിൽ സ്ഥാപനത്തിന്റെ ആധികാരിക മാനേജ്മന്റ് മദ്രസ്സ കമ്മറ്റി (കുന്നത്തുകര ഹിദായത്തുൽ അനാം സംഘം)യിലേക്ക് മാറ്റപ്പെടുകയുണ്ടായി

# അവസ്ഥാപഠനം

ന്യൂനപക്ഷ പിന്നോക്കക്കാർ തിങ്ങിപ്പാർക്കുന്ന മണിയൂർ കുന്നത്തുകര പ്രദേശത്തെ കുട്ടികളെ കലാരംഗത്തും , കായികരംഗത്തും വൈജ്ഞാനിക രംഗത്തും,ക്ലസ്റ്റർ,പഞ്ചായത്തു സബ് ജില്ലാ എന്നീ തലങ്ങളിൽ വരെ പങ്കെടുപ്പിക്കാനും,സമ്മാനങ്ങൾ നേടുവാനും കഴിഞ്ഞത് ഈ സ്കൂളിന്റെ മികവുകളുടെ പട്ടികയിൽ ഇടം പിടിച്ചിരിക്കും.ദ്വൈവാര പത്രക്വിസ്സ് ,ദിനാചരണ ക്വിസ്സുകൾ എന്നിവ നടത്തുന്നതിലൂടെ കുട്ടികൾക്ക് പൊതുവിജ്ഞാനം വർധിപ്പിക്കാൻ കഴിയുന്നു. ലിറ്റിൽ സ്റ്റാർ എന്ന പേരിൽ ഡെയിലി ക്ലാസ് നടത്തിവരുന്നതുകൊണ്ടു കുട്ടികളുടെ സർഗ്ഗശേഷിയും,പത്ര റിപ്പോർട്ട് തയ്യാറാക്കാനുള്ള കഴിവ് മികച്ചതാക്കി മറ്റാൻ സഹായകമായിട്ടുണ്ട്.ഈ സംരംഭത്തിൽ ക്ളാസ്സിലെ മുഴുവൻ കുട്ടികളെയും പങ്കെടുപ്പിക്കാറുണ്ട്. പിന്നോക്കകാർക്കുള്ള പ്രത്യേക പരിശീലനം വർഷങ്ങളായി നടത്തിവരുന്നത് കൊണ്ട് എല്ലാ കുട്ടികളെയും അക്ഷരജ്ഞാനം ഉള്ളവരാക്കി മാറ്റാൻ കഴിഞ്ഞിട്ടുണ്ട്.

ഉയർന്ന നിലവാരത്തിലുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകിവരുന്നത് കൊണ്ട് എൽ.എസ്.എസ്,ക്വിസ്സ് മത്സരങ്ങളിൽ വിജയികളാകുകയും ചെയ്ത ചെയ്ത വിദ്യാലയമായി കുന്നത്തുകര എം.എൽ.പി സ്കൂൾ ചരിത്രത്തിൽ ഇടം നേടിയിരിക്കുന്നു. വിദേശത്തും സ്വദേശത്തും ഔദ്യോഗിക രംഗങ്ങളിലും, ബിസിനസ്സ് രംഗങ്ങളിലും മുന്നിട്ടു നില്ക്കാൻ കുന്നത്തുകര പ്രദേശത്തെ ജനതയെ വാർത്തെടുക്കുന്നതിൽ വിദ്യാലയത്തിന്റെ സംഭാവന എടുത്തുപറയത്തക്കതാണ് വരും നാളുകളിലും ഈ സരസ്വതിക്ഷേത്രത്തിനു ചരിത്രത്തിൽ ഇടം പിടിക്കാനാകും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്.അതാണ് ഞങ്ങളുടെ പ്രചോദനം.
അതിനായി ഞങ്ങൾ ഒറ്റകെട്ടായി പ്രയത്നിക്കും .

## കാഴ്ചപ്പാട്

- ഹരിത വിദ്യാലയ വത്കരണം
- ജൈവ വൈവിധ്യ പാർക്ക്
- ശിശു സൗഹൃദ ക്ളാസ് മുറി
- പ്ലാസ്റ്റിക് മാലിന്യ മുക്ത വിദ്യാലയം
- ജൈവ പച്ചക്കറിത്തോട്ടം
- വിശാലമായ കളിസ്ഥല രൂപീകരണം
- എല്ലാ വിദ്യാർത്ഥികൾക്കും തുല്യത,ഗുണത എന്നിവ ഉറപ്പാക്കൽ
- ഈസി ഇംഗ്ലീഷ് പദ്ധതി ഗുണവത്താക്കൽ
- ലളിതം, മധുരമായി  ഗണിതം ഓരോ കുട്ടിയിലും എത്തിക്കൽ
- സ്മാർട്ട് ക്ളാസ് മുറി,ലബോറട്ടറി,ലൈബ്രറി നവീകരണം
- ശക്തമായ പി ടി എ രൂപീകരണം
- കല കായിക പ്രവൃത്തി പരിചയ മേളകളിൽ പരിശീലനം നൽകൽ
- പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മ ശക്തിപ്പെടുത്തൽ
- പോഷക സമൃദ്ധമായ ഭക്ഷണ പരിപാടികൾ ആസൂത്രണം ചെയ്യൽ
- വിവിധ വിഷയങ്ങളിൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകൽ
- വിവിധ ക്ലബ്ബ്കളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്താൽ
- സർഗ്ഗവാസനകളെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി വിദ്യരംഗം കലാസാഹിത്യ വേദി രൂപീകരണം, വീക്കെൻഡ് പ്രോഗ്രാം
- മത്സര പരീക്ഷകളിൽ മികച്ച വിജയം കൈവരിക്കുന്നതിന് പരിശീലനം നൽകൽ .
- അധിക വായനക്കുള്ള പ്രവർത്തനആസൂത്രണം.
- സിവിൽ സർവീസ് പോലെയുള്ള പരീക്ഷ പരിചയപ്പെടുത്തൽ
- World View (വേൾഡ് വ്യൂ) പദ്ധതി

## ലക്ഷ്യങ്ങൾ

- എല്ലാ വിദ്യാർത്ഥികൾക്കും ,ഗുണത, തുല്യത പ്രധാനം ചെയ്യൽ
- സാമൂഹ്യ പങ്കാളിത്തത്തോടെ വിദ്യാലയ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ
- വിവിധ മത്സര പരീക്ഷകളിൽ ഉന്നത വിജയം നേടാൻ പ്രാപ്തരാക്കൽ
- വിവിധ വിഷയങ്ങളിൽ മുഴുവൻ വിദ്യാർത്ഥികളെയും സമർഥരാക്കി മാറ്റൽ
- കല കായിക പ്രവൃത്തി പരിചയ മേഖലകളിൽ മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ
- വിദ്യാർത്ഥികളെ സമഗ്രവ്യക്തിത്വ വികാസത്തിനുടമകളാക്കി മാറ്റൽ
- ഇംഗ്ലീഷ് പഠനത്തിൽ തൽപരരാക്കൽ
- വിവിധ വിഷയങ്ങളിൽ പ്രതിഭകളെ സൃഷ്ടിക്കൽ
- കുട്ടികളെ ആരോഗ്യ ശുചിത്വ കാര്യങ്ങളിൽ ബോധവാന്മാരാക്കൽ
- പ്ലാസ്റ്റിക് മാലിന്യ മുക്ത വിദ്യാലയമാക്കി മാറ്റൽ
- രോഗികളെയും സാമ്പത്തിക പിന്നോക്കകാരെയും സഹായിക്കുന്നതിനുള്ള മനോഭാവം വളർത്തൽ
- മത നിരപേക്ഷമായ വിദ്യാലയ രൂപീകരണം
- വിദ്യാലയ ഹരിതവത്കരണം നടപ്പിലാക്കൽ
- ജൈവപച്ചക്കറി കൃഷിത്തോട്ട നിർമാണം
- രക്ഷാകർത്തൃ സൗഹൃദ പഠന യാത്ര സംഘടിപ്പിക്കൽ
- സഹവാസ ക്യാമ്പുകൾ സംഘടിപ്പിക്കൽ
- വിപുലമായ വാർഷികാഘോഷ പരിപാടി സംഘടിപ്പിക്കൽ
- നേതൃത്വ പാഠവം ഓരോ കുട്ടിയിലും വികസിപ്പിക്കാനുതകുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകൽ
- വിഷയാധിഷ്ഠിത ശില്പശാല സംഘടിപ്പിക്കൽ

# മധുരം മലയാളം



# വിഷയമേഖല

## പ്രവർത്തനങ്ങൾ – മലയാളം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മാതൃഭാഷ എഴുതാനും ,വായിക്കാനും മുഴുവൻ കുട്ടികളെ പ്രാപ്തരാക്കൽ<br><br>സ്വാതന്ത്ര്യ ലേഖനത്തിന്<br><br>സർഗാത്മകത | അക്ഷരകാർഡ് തയ്യാറാക്കൽ<br>വായനക്കാർഡ് തയ്യാറാക്കൽ,<br>പത്രവാർത്ത തയ്യാറാക്കൽ<br>പത്രവായന , ആഴ്ചയിൽ<br>ലൈബ്രറി ബുക്ക് വിതരണം ,<br>ഡയറി കുറിപ്പ്, വായനകുറിപ്പ്, തയ്യാറാക്കൽ, മാസാന്ത്യപത്രം<br>പദ്ധതി ക്വിസ്സ് മത്സരങ്ങൾ ,പദസൂര്യൻ ആഭരണമണിയിക്കൽ, കഥ,വിവരണം,കവിത തുടങ്ങിയവ വായിച്ചു പകർത്തിയെഴുത്ത്.<br><br>(പാരായണം) | ജൂൺ മുതൽ<br><br>ദീർഘകാലം<br><br>ആഗസ്ത്<br><br>ഹ്രസ്വകാലം | ഒന്നു മുതൽ 4 വരെ ക്ളാസ്സുകളിലെ അധ്യാപകർ | പി ടി എ ഫണ്ട് , ടീച്ചേർസ് ഫണ്ട് |
| കവിതകൾ, കഥകൾ വായിച്ചാസ്വദിക്കുന്നതിനു<br>കുറിപ്പുകൾ തയ്യാറാക്കുന്നതിന് | ധാരാളം കുട്ടിക്കഥകൾ , കവിതകൾ വായിക്കാനും അവതരിപ്പിക്കാനുമുള്ള അവസരങ്ങൾ നൽകൽ വായിച്ച കഥ,കവിതയിലെ ആശയം ചുരുക്കിപ്പറയൽ, ആസ്വാദനകുറിപ്പിന്റെ വിവിധ മാതൃകകൾ പരിചയപ്പെടുത്തൽ . | സപ്തംബർ,<br>ഒക്ടോബർ<br>നവംബർ<br>ഡിസംബർ<br>ജനുവരി<br>ഫെബ്രുവരി<br>മാർച്ച് | ഒന്നു മുതൽ 4 വരെ ക്ളാസ്സുകളിലെ അധ്യാപകർ | പി ടി എ ഫണ്ട് , ടീച്ചേർസ് ഫണ്ട് |

# വിഷയമേഖല

## പ്രവർത്തനങ്ങൾ – മലയാളം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജീവചരിത്ര കുറിപ്പ് വായന വ്യക്തിക ളുടെ സ്വാധീനം കുട്ടികളിലെത്തി ക്കുന്നതിന് . | ജീവചരിത്ര കുറിപ്പ് വായന വ്യക്തിക ളുടെ സ്വാധീനം കുട്ടികളിലെത്തിക്കുകയും പ്രധാനപ്പെട്ടവ ജീവിതത്തിൽ പ്രവർത്തികമാക്കുവാൻ സഹായിക്കുക, വരികൾ കൂട്ടിച്ചേർക്കാം, രചന മത്സരങ്ങൾ | ആഗസ്ത് മുതൽ മാർച്ച് വരെ | രക്ഷിതാവ് അദ്ധ്യാപിക സഹായം | പി ടി എ ഫണ്ട് , ടീച്ചേർസ് ഫണ്ട് |
| സ്വന്തമായി കഥ കവിത രചനയിൽ ഏർപ്പെടൽ കവിത ശില്പശാ ലയിൽ ഏർപ്പെടു ന്നതിനു | ചിത്രത്തിൽ നിന്ന് കഥ , കവിത കുട്ടികവിതകൾ എഴുതുന്ന ക വിയുമായി അഭിമുഖം , വിവിധ കവിതകൾ പരിചയപെടുന്നതി നും കവിതാലാപന മത്സരങ്ങളി ൽ ഏർപ്പെടുന്നു . | ദീർഘകാലം<br>ഹ്രസ്വകാലം | ക്ളാസ് ചാർജുള്ള അധ്യാപകർ വിദഗ്ധരുടെ സഹായം | |
| നാടകീകരണം | ചിത്ര പ്രദർശനം,ലഘു നാടക ങ്ങൾ,സി ഡി പ്രദർശനം. ലഘു നാടക പുസ്തക വായനവിതര ണം വിവിധവ്യവഹാര രൂപങ്ങൾ നാടകമാക്കി മാറ്റൽ.പ്രാദേശികമാ യി നാടകം കാണാനുള്ള അവ സരം ഒരുക്കൽ കുട്ടികളുടെ നാ ടക കളരി അഭിനയം ബാലസഭക ളിലൂടെ . | ഹ്രസ്വകാലം | അധ്യാപകർ | ടീച്ചേർസ് ഫണ്ട് |

# വിഷയമേഖല

## പ്രവർത്തനങ്ങൾ – മലയാളം


| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷ പരിജ്ഞാനമുള്ളവരുടെ സേവനം ഉപയോഗപ്പെടുത്തൽ | രക്ഷകർത്താക്കൾക്കും,വിദ്യാർത്ഥികൾക്കും ഭാഷ യിൽ വിദഗ്ദരായവരെ കൊണ്ട് വരുന്ന പ്രവർത്തനം സംഘടിപ്പിക്കുന്നു | ജനുവരി മുതൽ മാർച്ച് വരെ | | |
| നാട്ടറിവ് , ശില്പശാല സംഘടിപ്പിക്കൽ<br>ആദരവ് പരിപാടി സംഘടിപ്പിക്കൽ | നാടൻ പാട്ട് ,വടക്കൻ പാട്ട് സ്കൂളിൽ അവതരണം,നാടൻ കലാരൂപങ്ങളുടെ അവതരണം പ്രാദേശികമായി നാടൻ കലകളിൽ വിദഗ്ധരായി പ്രവർത്തിക്കുന്നവരെ സ്കൂളിൽ ക്ഷണിച്ചു വരുത്തൽ അവരുടെ സേവനം ഉപയോഗപ്പെടുത്തൽ | | ഹെഡ് മാസ്റ്റർ ഭാഷ അധ്യാപകർ | പ്രാദേശികരുടെ സഹായം<br>പി ടി എ ഫണ്ട്<br>ടീച്ചേർസ് ഫണ്ട് |
| പ്രസംഗ പരിശീലനം | കുട്ടികളിലെ സഭാകമ്പം ഒഴിവാക്കുന്നതിനു വേണ്ടി പ്രസംഗ പരിശീലനം നൽകൽ , അതിനു പ്രാപ്തരായ കുട്ടികളെ തെരെഞ്ഞെടുത്തു പരിശീലനം നൽകുന്നു . വിവിധ വിഷയങ്ങളിൽ പ്രാവീണ്യം സൃഷ്ടിക്കൽ. | ഹ്രസ്വകാലം | ഭാഷ അധ്യാപകർ | ടീച്ചേർസ് ഫണ്ട് |


ഗണിതം
വിസ്മയം
മഞ്ചാടികൂട്ടം

# വിഷയ മേഖല ഗണിതം

## ഗണിതം പ്രവർത്തനങ്ങൾ


| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ചതുഷ് ക്രിയകൾ ഉറപ്പിക്കുന്നതിന് | പഠനോപകാരങ്ങൾ ഉപയോഗപ്പെടുത്തി ക്രിയവസ്തുക്കൾ ഉറപ്പിക്കൽ.കണക്കിലെ കളികൾ ആസൂത്രണം ചെയ്യൽ ഐ.സി.ടി ഉപയോഗപ്പെടുത്തി ക്രിയകൾ ചെയ്യുന്നു . | ജൂൺ, ജൂലൈ ആഗസ്ത് | 1 മുതൽ 4 വരെ ക്ളാസ്സുകളിലെ ഗണിതം കൈകാര്യം ചെയ്യുന്നവർ . | പി ടി എ ഫണ്ട്, ടീച്ചേർസ് ഫണ്ട് |
| മെട്രിക് മേളകൾ സംഘടിപ്പിക്കൽ | ഗണിതമൂല,മെട്രിക് മേള പഠനോപകരണ നിർമ്മാണ ശില്പശാല(അധ്യാപകർ,രക്ഷിതാക്കൾ,കുട്ടികൾ)മനകണക്ക് | സപ്റ്റമ്പർ | | |
| പ്രായോഗിക പ്രശ്ന നിർധാരണശേഷി വികസിപ്പിക്കുന്നതിന് | കുസൃതികണക്കു ശേഖരണം ലഘുപ്രയോഗിക പ്രശ്നങ്ങൾ പരിചയപ്പെടുത്തൽ സ്വയം ചോദ്യങ്ങൾ നിർമ്മിക്കൽ ഉത്തരം കണ്ടെത്തൽ ജീവിതാനുഭവും ആയി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ നിർമ്മിക്കുക | | | |
| കണക്കിലൂടെ ചിന്താശേഷി വികസനത്തിന് | | ഹ്രസ്വകാലം | | |


ഹരിതാമൃതം

## വിഷയ മേഖല പരിസര പഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിരീക്ഷണം കുറിപ്പുകൾ തയ്യാറാക്കൽ പട്ടികപ്പെടുത്തൽ | പ്രകൃതി നടത്തം,ഫീൽഡ് ട്രിപ്പ് ലഘു പ്രൊജക്റ്റ് ചെയ്തു കുറിപ്പുകൾ തയ്യാറാക്കൽ ആൽബംതയ്യാറാക്കൽ . | ജൂൺ മുതൽ സെപ്റ്റമ്പർ വരെ , | അദ്ധ്യാപകർ രക്ഷിതാവ് | പി ടി എ ഫണ്ട് , ടീച്ചേർസ് ഫണ്ട് |
| താരതമ്യ പഠനം | നിരീക്ഷിച്ചു കുറിപ്പ് തയ്യാറാക്കൽ(പക്ഷി നിരീക്ഷണം,സസ്യ നിരീക്ഷണം,ജീവികളെ നിരീക്ഷിക്കാൻ), പുസ്തക വായന | ഒക്ടോബർ നവംബർ | അധ്യാപകർ | പി ടി എ ഫണ്ട്, ടീച്ചേർസ് ഫണ്ട് |
| ലഘുപരീക്ഷണം ചെയ്തു കുറിപ്പുകൾ തയ്യാറാക്കൽ ക്ളബ്ബ് രൂപീകരണം നടത്തുന്നതിന് . | ശാസ്ത്ര പുസ്തകങ്ങൾ പരിചയപ്പെടുത്തൽ പരിസ്ഥിതി ക്ലബ്ബ്കളുടെ നേതൃത്വത്തിൽ ചെറുപരീക്ഷണം ചെയ്തു കുറിപ്പ് തയ്യാറാക്കൽ,പരീക്ഷണ കുറിപ്പു മാതൃകകൾ പരിചയപ്പെടുത്തൽ,ഐ.സി.ടി സാധ്യത പ്രയോജനപെടുത്താൽ | | | |
| ക്ലബ്ബ്കളുടെ നേതൃത്വത്തിൽ വിവിധ ദിനാചരണ പ്രവർത്തങ്ങൾ നടത്തുന്നതിന് , | പരിസ്ഥിതിദിനം ചന്ദ്രദിനം എന്നിവവിപുലമായി നടത്തൽ വൃക്ഷതൈ നടീൽ ക്വിസ്സുകൾ നടത്തൽ ,ചാന്ദ്ര ദിനക്വിസ്സ്, സി.ഡി പ്രദർശനം സംഘടിപ്പിക്കുന്നു | ജൂൺ മുതൽ ജൂലൈ വരെ. | ശാസ്ത്ര അദ്ധ്യാപകർ<br>ഹരിത ക്ലബ് | പി ടി എ ഫണ്ട് ടീച്ചേർസ് ഫണ്ട് |
| ശാത്രപ്രദർശങ്ങളിലേർപ്പെടുന്നതിനു . | ശാസ്ത്രവിഷയവുമായി ബന്ധപ്പെട്ട പ്രദർശനം നടത്തുന്നു. ശേഖരങ്ങൾ,ചിത്രങ്ങൾ എന്നിവ ഉൾപ്പെടുത്തുന്നു. | | | |

# EASY ENGLISH



## വിഷയ മേഖല ഇംഗ്ലീഷ് .

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ മെച്ചപ്പെടുത്തുന്നത്തിനു കുട്ടികളെ പ്രാപ്തരാക്കുന്നതിന് . | ലഖുവാക്യ കാർഡുകൾ, കഥ പുസ്തകങ്ങൾ വായന, ലഖുവാക്യ നിർമ്മാണം ഇംഗ്ലീഷ് അസ്സംബ്ലി കിറ്റ് അവതരണം പോസ്റ്റർ നോട്ടീസ് നിർമ്മാണം ഇംഗ്ലീഷ് ക്ലബ് ഏകദിന ശില്പശാല,ഡിക്ഷ്ണറി നിർമ്മാണം | ജൂൺ ജൂലൈ ആഗസ്ത് ഹ്രസ്വകാലം | ഒന്ന് മുതൽ 4 വരെ ഇംഗ്ലീഷ് ചുമതലയുള്ള അദ്ധ്യാപകർ | ടീച്ചേർസ് ഫണ്ട് |
| കഥകൾ കവിതകൾ ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നതിന് | ഇംഗ്ലീഷ് റയിമുകൾ കഥകൾ എന്നിവ ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നതിനു അസ്സംബ്ലിയിൽ അവതരണം നടത്തൽ | ജനുവരി ഫെബ്രുവരി ഹ്രസ്വകാലം | ഇംഗ്ലീഷ് അദ്ധ്യാപകർ | സ്പോൺസർഷിപ് ടീച്ചേർസ് ഫണ്ട് പ്രാദേശിക ഫണ്ട് |
| ഇംഗ്ലീഷ് വായനയെ പ്രോത്സാഹിപ്പിക്കുന്നതിന് | ലഖുകഥ പുസ്തകം പത്രങ്ങൾ എന്നിവ സ്കൂളിൽ വരുത്തി ഇംഗിഷിലൂടെയുള്ള വായനയെ പ്രോത്സാഹിപ്പിക്കുന്ന്നു | ദീർഘകാലം | | |

## വിഷയ മേഖല ഇംഗ്ലീഷ് .

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിലൂടെയുള്ള കളികളിൽ ഏർപ്പെടൽ ഫെലോ ഇംഗീഷ് പദ്ധതി ഐ.സി ടി യിലൂടെ സംഭാഷണം നടത്തുന്നതിന് നാടകീകരണം . | ഗെയിമുകളിൽ ഏർപ്പെടുന്നു<br>സംഭാഷണം തയ്യാറാക്കൽ<br>ഫെലോ ഇംഗ്ലീഷ് പദ്ധതിയിലൂടെ ഇംഗീഷ് ഒഴുക്കോടെ സംസാരിക്കൽ ,ഐ. സി. ടി. ഉപയോഗപെടുത്തി സംഭാഷണ ശകലങ്ങൾ കേൾക്കൽ,അവതരണം നടത്തുന്നതിനുള്ള<br>അവസരം നാടകം അവതരിപ്പിക്കുന്നതിന് | ഹ്രസ്വകാലം<br>ദീർഘകാലം | അദ്ധ്യാപകർ<br>ഇംഗ്ലീഷ് അദ്ധ്യാപകർ രക്ഷിതാവ് | ടീച്ചേർസ് ഫണ്ട് |
| കഥാചിത്രങ്ങളിൽ നിന്ന് കഥ നിർമ്മിക്കുന്നതിന്. | കഥ ചിത്രങ്ങൾ നൽകി സ്വന്തമായി കഥയുണ്ടാക്കുന്നതിനുള്ള അവസരം നൽകുന്നു | ഹ്രസ്വകാലം | | ടീച്ചേർസ് ഫണ്ട് |
| വർക്കുഷീറ്റുകൾ തയ്യാറാക്കുന്നതിന് , | പഠന മേഖലയുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു . | | ഇംഗ്ലീഷ് അധ്യാപകർ | പ്രാദേശിക ഫണ്ട് |
| ഇംഗ്ലീഷ് ഫെസ്റ്റ് നടത്തുന്നു | ഇംഗ്ലീഷ് ഫെസ്റ്റ്ൽ കുട്ടികളെ പങ്കെടുപ്പിക്കുന്നു | ദീർഘകാലം | | |

# ജാസ്മിൻ



# Jasmine

# വിഷയ മേഖല അറബിക്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| അറബി ഭാഷയുടെ വികസനത്തിന് പദസമ്പത് വർധി പ്പിക്കൽ, | അക്ഷര കാർഡ് നൽകൽ<br>പദ നിർമ്മാണ പരിശീലനം<br>പദ കേളി വർക് ഷീറ്റ് എന്നിവ തയ്യാറാക്കുന്നു | ജൂൺ മുതൽ ഡിസംബർ വരെ | അറബി അദ്ധ്യാപകർ | പി ടി എ ഫണ്ട്<br>ടീച്ചേർസ് ഫണ്ട് |
| ലളിതമായി ഭാഷ പ്രയോഗിക്കാ നും തനതായ രീതിയിൽ ആശയ വിനിമയം നടത്താ നുള്ള ശേഷി നേടൽ | അറബി ഭാഷയിലുള്ള ചെറുക ഥകൾ,സംഭാഷണങ്ങൾ,കവിത കൾ പരിശീലിപ്പിക്കുകയും റോൾപ്ലേ അവതരിപ്പിക്കുകയും ചെയ്യുക . | ആഗസ്ത് മുതൽ മാർച്ച് വരെ | അറബി അദ്ധ്യാപകർ | പ്രാദേശിക ഫണ്ട്<br>ടീച്ചേർസ് ഫണ്ട് |
| ഭാഷപരിചയത്തി നു ഐ. സി.ടി ഉപയോഗപ്പെടു ത്തൽ | ഭാഷയുടെ വികസനത്തിനും എളുപ്പം കുട്ടികളിൽ എത്തി ക്കുന്നതിനുവേണ്ടി ഐ.സി.ടി സാധ്യതകളെ ഉപയോഗപ്പെടു ത്തുന്നു | ജൂൺ മുതൽ മാർച്ച് വരെ | അറബി അദ്ധ്യാപകർ | പി ടി എ ഫണ്ട്<br>ടീച്ചേർസ് ഫണ്ട് |

# വിഷയ മേഖല അറബിക്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ലൈബ്രറി പുസ്തകങ്ങളുടെ ഉപയോഗം, | ക്ലാസ് ലൈബ്രറികളിൽ അറബി പുസ്തകങ്ങൾ ഉപയോഗപ്പെടുത്തൽ ,അറബി പുസ്തക വായന പ്രോത്സഹിപ്പിക്കൽ, വിജയികളെ കണ്ടെത്തൽ,കൂടുതൽ പുസ്തകം വായിച്ചവരെ കണ്ടെത്തി സമ്മാനം നൽകൽ . | ആഗസ്ത് മുതൽ ഫെബ്രുവരി വരെ | അറബി അദ്ധ്യാപകർ | പി ടി എ ഫണ്ട് ടീച്ചേർസ് ഫണ്ട് |
| അറബിക് ദിനറാലി പോസ്റ്റർ നിർമ്മാണം,മാഗസിൻ നിർമ്മാണം , അറബിക് കോംപ്ലക്സ് നടത്തുന്നതിന് | അറബിക് കോംപ്ലക്സിൽ മുഴുവൻ കുട്ടികളെയും പങ്കെടുപ്പിക്കൽ | ഹ്രസ്വകാലം | അറബി അദ്ധ്യാപകർ | പി ടി എ ഫണ്ട് ടീച്ചേർസ് ഫണ്ട് |
| പ്രവർത്തിപരിചയ മേളകളിൽ പങ്കെടുപ്പിക്കുന്നതിനു | പ്രവൃത്തി പരിചയ മേളകളിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നതിനും ക്ലാസ് തല നിർമ്മാണത്തിന് മുഴുവൻ കുട്ടികളെയും പങ്കെടുപ്പിക്കുന്നതിനു സബ്ജില്ലാ കലാമേളകളിൽ പങ്കെടുപ്പിക്കൽ . | ഹ്രസ്വകാലം | എല്ലാ അധ്യാപകരും | പി ടി എ ഫണ്ട് , ടീച്ചേർസ് ഫണ്ട് |
| ശാസ്ത്രമേളകളിൽ നിർമ്മാണ പ്രവർത്തനത്തിൽ ഏർപ്പെടുന്നതിന് | ശാസ്ത്രമേളകളിൽ നിർമ്മാണ പ്രവർത്തനത്തിൽ ഏർപ്പെടുന്നതിനും പുതിയ നിർമ്മാണ പ്രവൃത്തികളിൽ കുട്ടികൾക്ക് പരിശീലനം നൽകൽ | ഹ്രസ്വകാലം | വിദഗ്ധ അദ്ധ്യാപകർ | |

# വിഷയ മേഖല പഠ്യേതര പ്രവർത്തനങ്ങൾ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ കലകളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിന് | കലാമേളകളിൽ മുഴുവൻ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിന് വേണ്ടി സ്കൂൾ കലാമേള നടത്തുന്നു..വിജയികളെ ക്ലസ്റ്റർ കലാമേളകളിൽ പങ്കെടുപ്പിക്കുന്നു.വിജയികൾക്ക് സ്കൂൾ തലത്തിൽ പരിശീലനം നൽകുന്നു.രക്ഷിതാക്കളുടെ സേവനം ഉപയോഗപ്പെടുത്തുന്നു | ഹ്രസ്വകാലം | എല്ലാ അദ്ധ്യാപകർക്കും . | ടീച്ചേർസ് ഫണ്ട് പി ടി എ ഫണ്ട് |
| കായികമേളകളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിന് | സ്കൂൾ തല കായിക മേളയിൽ കുട്ടികളെ പങ്കെടുപ്പിച്ചു വിജയികളായവരെ സോണൽ കായിക മേളയിൽ പങ്കെടുപ്പിക്കുന്നു.സ്കൂൾ തല പരിശീലനം നൽകൽ . | ഹ്രസ്വകാലം | കായികാദ്ധ്യാപകർ | ടീച്ചേർസ് ഫണ്ട് |

# തനത് പ്രവർത്തനങ്ങൾ

1. G K ക്വിസ്സ് ( ആഴ്ചയിൽ)

   എല്ലാ തിങ്കളാഴ്ചയും 5 ചോദ്യം വീതം കൊടുത്തു വെള്ളിയാഴ്ചയ്ക്കു മുൻപേ ഉത്തരം കണ്ടെത്തി ഉത്തരപെട്ടി നിക്ഷേപിക്കുക .

2. Little Stars പിന്നോക്ക ക്ലാസ് ( ദിവസവും)

   എല്ലാ ദിവസവും അരമണിക്കൂർ ക്ലാസ് . ഓരോ ദിവസവും ഓരോ ടീച്ചേഴ്സിന് ചാർജ് .

3. Weekend Programme

   വിദ്യാരംഗം കല സാഹിത്യ വേദി കുട്ടികളുടെ കലാസാഹിത്യ ഭിരുചി കളെ പ്രോത്സഹിപ്പിക്കൽ.

4. PTA ശാക്തീകരണ പരിപാടി .

   എല്ലാ മാസത്തിലെയും അവസാന വ്യാഴാഴ്ച .

5 Monthly 2 Guest

   മാസത്തിൽ രണ്ടു അതിഥിയെ ( എക്ഷ്പെർട്) കൊണ്ടുവരുന്നു .

6. Readers group ( വായന കൂട്ടം )

   ഒരു കുട്ടി നേതൃതം ( നല്ല വായനക്കാരൻ) നൽകി എല്ലാ കുട്ടികളും വായന .

7. Special Uniform ( ബുധൻ )

   ബുധനാഴ്ച ദിവസങ്ങളിൽ പ്രത്യേക യൂണിഫോം.

8. Englih Word Chart

   ഓരോ ദിവസവും ഒരു ഇംഗ്ലീഷ് വാക്കു മൂന്നു,നാല് ക്ളാസ്സിലെ എല്ലാ കുട്ടികളും കണ്ടെത്തി വന്നു ചാർട്ടിൽ ഒട്ടിക്കുക.മാസാവസാനം അതിന്റെ ഡിക്റ്റേഷൻ നടത്തുക .

9 Radio News Reading

   ഇംഗ്ലീഷ്, മലയാളം , ഡെയിലി ന്യൂസ് വായന .

# തേരോട്ടത്തിന്റെ അവസാന പാത

വിദ്യാലയ സംരക്ഷണയജ്ഞം അതിന്റെ തേരോട്ടത്തിന്റെ പാതയിലൂടെ നീങ്ങു
മ്പോൾകുന്നത്തുകര എം. ൽ.പി സ്കൂളും ആ യജ്ഞം ധിരമായി മുന്നോട്ടു നയിക്കാ
ൻ തീരുമാനിച്ചിരിക്കുന്നു . അദ്ധ്യാപകർ , പി. ടി.എമദർ പി.ടി. എ സ്കൂൾ സംരക്ഷണ
സമിതി , പൂർവ വിദ്യാർത്ഥി സംഘടനാ പ്രാദേശിക രാഷ്ട്രീയ കാശി നേതാക്കൾ ജനകീ
യ പങ്കാളിത്തം ഇതെല്ലം ഞങ്ങളുടെ ശക്തിയാണ് .സർക്കാരിന്റെ ഈ സംരക്ഷണ യ
ജ്ഞത്തിൽ ഉറച്ച കാൽവപ്പോടുകൂടി സ്കൂളിന്റെ സ്കൂളില്തന്റെ സമഗ്ര വികസനത്തിന്
ഊന്നൽ നൽകുന്ന ഈ ദൗത്യത്തിൽ ഞങ്ങളും പങ്കാളികളാവുന്നു , വിജയം സുനിശ്ചി
തം അണ്ണാ ശുഭാപ്തി വിശ്വാസം ഞങ്ങൾക്കുണ്ട് .